II ഇ.ബി. XIII- കേരള നിയമസഭ/V-17

പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2012 ജൂലൈ 6, വെള്ളി

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

54 (*511 & *515) മുല്ലപ്പെരിയാർ ഡാം

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) നൽകിയ മറുപടിയിൽ, മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള രൂപരേഖയും ഫീസിബിലിറ്റി/ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടുകളും സുപ്രീം കോടതി നിയോഗിച്ച എംപവേർഡ് കമ്മിറ്റിക്ക് 2011 സെപ്റ്റംബറിൽ സമർപ്പിക്കുകയും 2012–13 സാമ്പത്തിക വർഷത്തിൽ 50 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഡാം നിർമ്മിക്കുന്ന സ്ഥലത്തിന്റെ പരിസ്ഥിതി ആഘാതപഠനം (ഇ.ഐ.എ) നടത്തുന്നതിന് സെക്കന്തരാബാദിലെ മെസ്സേഴ്സ്. പ്രഗതി ലാബ്സ് ആന്റ് കൺസൾട്ടന്റ്സിന് അനുമതി നൽകിയിട്ടുണ്ട്. 2013 ജനുവരി 31–നുമുമ്പ് പരിസ്ഥിതി ആഘാത പഠനം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ഡാമിന്റെ നിർമ്മാണത്തിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന് രൂപം നൽകുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ IDRB ചീഫ് എൻജിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റോളർ

കോംപാക്ടഡ് കോൺക്രീറ്റ് മെത്തേഡ് ഉപയോഗിച്ച് രണ്ട് വർഷത്തിനകം പുതിയ ഡാമിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 'ഡാം ബ്രേക്ക് അനാലിസിസ്' നടത്തി റൂർക്കി ഐ.ഐ.ടി. നൽകിയ പ്രാഥമിക റിപ്പോർട്ടിൽ മുല്ലപ്പെരിയാർ ഡാം തകരുകയാണെങ്കിൽ മുല്ലപ്പെരിയാറിനും ഇടുക്കി ഗ്രൂപ്പ് ഡാമുകൾക്കുമിടയിലുള്ള പ്രദേശങ്ങളിൽ പ്രളയമുണ്ടാകുമെന്നും 8941 വീടുകളെ ഇത് ബാധിക്കുമെന്നും 32503 ആളുകളെ മാറ്റിപാർപ്പിക്കേണ്ടി വരുമെന്നും സെസ്മിക് 3-ൽ വരുന്ന മുല്ലപ്പെരിയാർ ഡാമിന്റെ 16 കി.മീറ്റർ ദൂരപിരിധിയിൽ റിക്ടർ സ്കെയിലിൽ 6 രേഖപ്പെടുത്തുന്ന ഭൂകമ്പമുണ്ടായാൽ ഡാം സുരക്ഷിതമല്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. 48 മണിക്കൂറിനുള്ളിൽ 65 സെന്റിമീറ്റർ മഴ പെയ്താൽ ഡാമിലെ ജലനിരപ്പ് 158 അടിയായി ഉയർന്ന് ഡാം തകരുമെന്ന് ഐ.ഐ.ടി. ഡൽഹി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഐ.ഐ.ടി. റൂർക്കിയുടെയും ഐ.ഐ.ടി. ഡൽഹിയുടെയും റിപ്പോർട്ടുകൾ പരിഗണിക്കാതെയുള്ള എംപവേർഡ് കമ്മിറ്റിയുടെ ശുപാർശകൾക്കെതിരെയുള്ള കേരളത്തിന്റെ നിലപാടും അവിചാരിതമായ കാരണങ്ങളാൽ മുല്ലപ്പെരിയാർ ഡാം തകരാനിടയുണ്ടെന്നും പുതിയ ഡാം നിർമ്മിക്കുന്നതാണ് ഉത്തമമെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നതും ജൂലൈ 23-ന് സുപ്രീംകോടതി മുമ്പാകെ ബോധിപ്പിക്കുമെന്നും കേരളത്തിന് അനുകൂലമായ വിധിയുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രി അറിയിച്ചു. കേരളത്തിന് അനുകൂലമല്ലാത്ത തരത്തിൽ അഡ്വക്കേറ്റ് ജനറൽ നേരത്തെ ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലം തിരുത്തിയിട്ടുണ്ട്. സുർക്കിയും മണലും ചേർത്ത് നിർമ്മിച്ച 116 കൊല്ലം പഴക്കമുള്ള ഡാമിൽനിന്ന് സുർക്കി ഒഴുകിപ്പോകുന്നതിനാൽ

ഡാമിന് ബലക്ഷയം സംഭവിച്ചുകൊണ്ടിരിക്കുകയാണെന്നും അതിനാൽ ഡാമിന്റെ ബോർ ഹോൾ അടയ്ക്കുന്നതിന് തമിഴ്നാടിന് അനുവാദം നൽകി അത് നിരീക്ഷിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. 'തമിഴ്നാടിന് വെള്ളം, കേരളത്തിന് സുരക്ഷ' എന്നതാണ് കേരളത്തിന്റെ ആവശ്യമെന്നും ഡാം സുരക്ഷിതമാണെന്ന് റിപ്പോർട്ട് നൽകിയ എംപവേർഡ് കമ്മിറ്റിതന്നെ പുതിയ ഡാം പ്രൊപ്പോസ് ചെയ്യുന്നു ണ്ടെന്നും പോസിറ്റീവായ നിർദ്ദേശങ്ങൾ ഹൈലൈറ്റ് ചെയ്ത് പുതിയ ഡാം എന്ന ആവശ്യം നേടിയെടുക്കുന്നതിന് കൂട്ടായി പരിശ്രമിക്കണമെന്നും തമി ഴ്നാടുമായുള്ള നല്ല ബന്ധം നിലനിർത്തിക്കൊണ്ടുതന്നെ ലക്ഷ്യം നേടാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി അറിയിച്ചു.

55 (*512) <u>മൃഗശാലകളുടെ വിപുലീകരണം</u>

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗ ശാലകളും വകുപ്പുമന്ത്രി (<u>കുമാരി പി. കെ. ജയലക്ഷ്മി</u>) നൽകിയ മറുപടി യിൽ, തിരുവനന്തപുരം മൃഗശാലയുടെ വിപുലീകരണത്തിനായി തയ്യാറാ ക്കിയ പുതുക്കിയ മാസ്റ്റർ പ്ലാൻ കേന്ദ്ര മൃഗശാലാ അതോറിറ്റി ഭേദഗതിക ളോടെ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടെന്നും അതുപ്രകാരം വിപുലീകരണ പ്രവർത്തനങ്ങൾ നടത്തുന്നതാണെന്നും സഭയെ അറിയിച്ചു. കേന്ദ്ര മൃഗ ശാലാ അതോറിറ്റിയുടെ നിർദ്ദേശമനുസരിച്ച് മൃഗശാലയിലെ കർമ്മപദ്ധതി വിശകലനം ചെയ്യുന്നതിനായി 7/6/2012-ന് കേന്ദ്ര മൃഗശാലാ അതോറിറ്റിയിലെ അംഗങ്ങളുൾപ്പെടെയുള്ള കേന്ദ്രസംഘം തിരുവനന്തപുരം

മൃഗശാല സന്ദർശിക്കുകയും പക്ഷിമൃഗാദികളെ പശ്ചിമഘട്ടം, ആഫ്രിക്കൻ, വിദേശയിനം എന്നീ മൂന്ന് വിഭാഗങ്ങളായി തിരിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. പശ്ചിമഘട്ട മേഖലയിലെ ജീവികളെ ഒരു ഭാഗത്ത് ക്രമീകരിക്കുന്നതിന്റെ ഭാഗമായി മൂങ്ങകളുടെ കൂട് ചെറുതാക്കി ബാക്കി സ്ഥലം പച്ചപ്പായി നിലനിർത്തുക, തിരുവനന്തപുരം മൃഗശാലയിലുള്ള കഴുകനെ നന്ദകാനൻ മൃഗശാലയിലേയ്ക്ക് മാറ്റുക, നിലവിലുള്ള കണ്ണട മുതല, മീൻ മുതല എന്നിവയുടെ ആവാസ സ്ഥലം birds of prey-യുടെ കൂടുമായി ചേർത്ത് വലുതാക്കുക, പന്നിക്കരടിയുടെയും ചിമ്പൻസിയുടെയും കൂടുകൾക്കിടയിലുള്ള സ്ഥലത്തെ പഴയ കെട്ടിടങ്ങൾ പൊളിച്ച് മാറ്റി പ്രസ്തുത സ്ഥലം പച്ചപ്പായി നിലനിർത്തുക, കുറുക്കൻ, കഴുതപ്പുലി എന്നിവയുടെ കൂടുകൾ കടുവയുടെ ആവാസ സ്ഥലത്തിനടുത്ത് നിർമ്മിക്കുക, പുള്ളിമാൻ, മ്ലാവ് എന്നിവയുടെ അടുത്തായി ബംഗാൾ കുരങ്ങന് ആവാസ സ്ഥലം നിർമ്മിക്കുക, പുള്ളിമാന്റെ കൂടിന് മുൻവശത്ത് മരങ്ങളും ചെടികളും നട്ടുപിടിപ്പിക്കുക, ബട്ടർഫ്ളൈ പാർക്കിന് സമീപം നീലക്കാളയ്ക്കും കേഴമാനും ആവാസ സ്ഥലം നിർമ്മിക്കുക, പാമ്പിൻ കൂടിന് സമീപം മരങ്ങളും ചെടികളും വച്ച് പിടിപ്പിക്കുക, രാജവെമ്പാല കൂടിന്റെ ഭാഗം ഇന്ത്യൻ കാട്ടുപോത്തിനുള്ള ആവാസസ്ഥലമാക്കുക, രാജവെമ്പാലയെ പാമ്പിൻ കൂട്ടിലേയ്ക്ക് മാറ്റുക, നിലവിലുള്ള ആർട്ട് ഗ്യാലറി മൃഗശാലാ ഭാഗത്തുനിന്നും മാറ്റി പുതിയ സ്ഥലത്ത് സ്ഥാപിക്കുകയും പ്രസ്തുത കെട്ടിടം വന്യമൃഗ മേഖലയിൽ അറിവും വിജ്ഞാനവും നൽകുന്ന കേന്ദ്രമാക്കി മാറ്റുകയും ചെയ്യുക തുടങ്ങിയവയാണ് 22/6/2012 ന് ഡൽഹിയിലെ കേന്ദ്ര മൃഗശാലാ അതോറിറ്റി മുമ്പാകെ വിദഗ്ദ്ധ കമ്മിറ്റി നൽകിയ ശുപാർശ

കൾ. കേന്ദ്രസംഘം നിർദ്ദേശിച്ച പ്രകാരം പശ്ചിമഘട്ടം, ആഫ്രിക്കൻ, വിദേശയിനം എന്നീ മൂന്ന് വിഭാഗങ്ങളിലായി പക്ഷി മൃഗാദികളെ തരം തിരിച്ച് മൃഗങ്ങളുടെ ആവാസസ്ഥലങ്ങളിൽ മാറ്റം വരുത്തി കേന്ദ്രസംഘത്തിന് അയച്ചുകൊടുത്തിട്ടുണ്ടെന്നും അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. മൃഗശാലയിലെ മ്ലാവ്, മാനുകൾ എന്നിവയുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനും അധികമുള്ളവയെ റെസ്ക്യൂ സെന്ററിലേയ്ക്ക് മാറ്റുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മൃഗശാലകളുടെ നടത്തിപ്പും ആരോഗ്യപരിപാലനവും ശക്തിപ്പെടുത്തുന്നതിനായി നിയോഗിച്ച ഡോ. മാത്യു സി. ജോൺ, ഡോ. മണിമൊഴി, ഡോ. സുരേഷ്കുമാർ എന്നിവരടങ്ങുന്ന പഠന സംഘത്തിന്റെ ശുപാർശപ്രകാരം ഒരു വെറ്ററിനറി സർജനെ നിയമിക്കുന്നതിനെക്കുറിച്ചും ബയോളജിസ്റ്റ്, പബ്ലിക് റിലേഷൻ ഓഫീസർ, ലാബ് ടെക്നീഷ്യൻ, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തുടങ്ങിയ തസ്തികകൾ സൃഷ്ടിക്കുന്നതിനെക്കുറിച്ചും ആലോചിച്ചുവരികയാണ്. തൃശ്ശൂർ മൃഗശാല പുത്തൂരിലേയ്ക്ക് മാറ്റുന്നതിനും നിലവിലുള്ള സ്ഥലത്ത് ഡിയർ പാർക്ക് കം- റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനും ആലോചിച്ചുവരികയാണെന്നും മൈസൂർ മൃഗശാലയിൽ നിന്ന് മൃഗങ്ങളെ കൈമാറ്റം നടത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

56 (*513) <u>കേന്ദ്രസഹായം ലഭിച്ച ടൂറിസം വികസന പദ്ധതികൾ</u>

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ) നൽകിയ മറുപടിയിൽ, 2011-12 വർഷത്തിൽ കേന്ദ്ര ടൂറിസം വകുപ്പ് അനുവദിച്ച 6 പദ്ധതികൾക്ക്

ഭരണാനുമതി നൽകിയതിൽ മൊബൈൽ സാങ്കേതികവിദ്യ ഉപയോഗിക്കുന്ന 2 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും മറ്റു പദ്ധതികളുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. കേന്ദ്രസഹായ ത്തിനായി സമർപ്പിച്ച പെരുവണ്ണാമൂഴി കക്കയം/കാരാപ്പുഴ/തുമ്പൂർമൂഴി ഡാമുകളുടെ വികസനം, ചെമ്പു വില്ലേജിലെ പാലക്കാരി ഫിഷ് ഫാമി ന്റെയും പരിസരപ്രദേശങ്ങളുടെയും വികസനം, തിരുവനന്തപുരത്ത് തൈക്കാട്ടുള്ള റിസോർട്ട് സൈറ്റിന്റെയും ഹെറിറ്റേജ് റസിഡൻസി ബിൽഡിംഗ് കോംപ്ലക്സിന്റെയും വികസനം, കൊച്ചിയിലെ വില്ലിംഗ്ടൺ ഐലന്റിന്റെ വികസനം, കൊല്ലം ജില്ലയിലെ കാപ്പിൽ ബീച്ചിന്റെയും ബോട്ട് ക്ലബ്ബിന്റെയും വികസനം, ആലപ്പുഴ ബാക്ക് വാട്ടർ സർക്യൂട്ട് എന്നിവയ്ക്കായി 1884.16 ലക്ഷം രൂപ

അനുവദിച്ചിട്ടുണ്ട്. മുസിരിസ് പദ്ധതി ഉടൻതന്നെ പൂർത്തിയാക്കുന്നതാണ്. മംഗലം ഡാമുമായി ബന്ധപ്പെട്ട ടൂറിസം പദ്ധതിയും ശാന്തിഗിരി കേന്ദ്രമാക്കി 'ഏഴ് കുന്നുകളും ഒരു തടാകവും' പദ്ധതിയും പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര യിൽ 'സൂര്യാസ്തമന മുനമ്പ്' പൂർത്തീകരിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതാണ്. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റുമായി ചേർന്ന് ടൂറിസം പദ്ധതികൾ നടപ്പാക്കുന്നുണ്ടെന്നും ടൂറിസം മേഖലയിൽ വിദേശ സാദ്ധ്യത കൾ പ്രയോജനപ്പെടുത്തുന്നതിൽ തുറന്ന സമീപനമാണുള്ളതെന്നും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്നും കിറ്റ്സ് സ്വകാര്യവൽക്കരിക്കുകയില്ലെന്നും

കൊട്ടാരങ്ങളും മനകളും നാലുകെട്ടുകളും സംരക്ഷിക്കപ്പെടുമെന്നും ഉപ ചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി 514 മുതൽ 540 വരെയുള്ള ചോദ്യ ങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 5378 മുതൽ 5657 വരെയുള്ള ചോദ്യങ്ങ ളിൽ 62 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)